**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**13-02-2025-ൽ സഭയുടെ മേശപ്പുറത്തുവച്ച [സ.ഉ.(അച്ചടി) നം. 52/2024/ തസ്വഭവ തീയതി 02.10.2024] (എസ്.ആർ.ഒ.നം.1104/2024) വിജ്ഞാപനത്തിനുള്ള ഭേദഗതി നോട്ടീസ്**

**(2025 മാർച്ച് 19-ന് സഭ പരിഗണിക്കുന്നത്)**

**ഡോ. എൻ. ജയരാജ് :**

**"2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ" (എസ്.ആർ.ഒ. 1104/2024)-ൽ താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു.**

1) **ചട്ടം 3(2) ix)-ൽ,-**

i) **"മൃഗക്ഷേമ സംഘടനയുടെ പ്രതിനിധി"** എന്നതിന് ശേഷമുള്ള അല്പവിരാമം (,) നീക്കം ചെയ്യുകയും തൽസ്ഥാനത്ത് **"എന്നിവരിൽ നിന്നും"** എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

ii) **"താമസിക്കുന്നവരിൽനിന്നും"** എന്നതിനുപകരം **"താമസിക്കുന്നതും"** എന്നും **"നാമനിർദ്ദേശം ചെയ്യുന്ന"** എന്നതിനുപകരം **"നാമനിർദ്ദേശം ചെയ്യുന്നതുമായ"** എന്നും ചേർക്കുക.

2) **ചട്ടം 3(3)- ൽ " പ്രധാന വെറ്ററിനറി ആഫീസർ"** എന്നതിന് മുമ്പായി **"മൃഗാരോഗ്യ സ്ഥാപനത്തിന്റെ"** എന്ന് ചേർക്കുക.

3) **ചട്ടം 3(4)-ൽ,-**

i) **"രൂപീകരിച്ചുകൊണ്ട് പഞ്ചായത്തിന്റെ"** എന്നതിനുപകരം **'രൂപീകരിച്ചുകൊണ്ട് മാനേജിംഗ് കമ്മിറ്റിയുടെ'** എന്ന് ചേർക്കുക.

ii) **"വെറ്ററിനറി ആഫീസർ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും"** എന്നതിനുപകരം **"വെറ്ററിനറി ആഫീസറുടെ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും"** എന്ന് ചേർക്കുക.

4) **ചട്ടം 3(5)-ൽ "കാലാവധി അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്"** എന്നതിനുപകരം **"കാലാവധി അഞ്ച് വർഷമോ അല്ലെങ്കിൽ അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്കോ ഏതാണോ അവസാനം സംഭവിക്കുന്നത് അതായിരിക്കുന്നതാണ്"** എന്ന് ചേർക്കുക.

430/25

5) ചട്ടം 3(6)-ൽ "അംഗമായി തിരുന്നതും യഥാസ്ഥാനം വഹിക്കുന്നതുമാണ്" എന്നതിനുപകരം "അംഗമായി തിരുന്നതും ശേഷിക്കുന്ന കാലയളവിലേയ്ക്ക് യഥാസ്ഥാനം വഹിക്കുന്നതുമാണ്" എന്ന് ചേർക്കുക.

6) ചട്ടം 3(8)-ൽ "ഉൾപ്പെട്ട ഒരു കുറ്റത്തിന് " എന്നതിനുപകരം "ഉൾപ്പെടെ ഏതെങ്കിലും ഒരു കുറ്റത്തിന്" എന്ന് ചേർക്കുക.

7) ചട്ടം 3(9)-ൽ "(7)-ഉം (8)-ഉം" എന്നതിനുപകരം "(6)-ഉം (7)-ഉം (8)-ഉം" എന്ന് ചേർക്കുക.

8) ചട്ടം 4(1) (i)-ൽ "പ്രത്യേക തരത്തിലുള്ള ആശുപത്രിക്കോ" എന്നതിനുപകരം "പ്രത്യേക തരത്തിലുള്ള മൃഗാശുപത്രിക്കോ" എന്ന് ചേർക്കുക.

9) ചട്ടം 4(1) (iv)-ൽ "ആവശ്യമായ" എന്നതിനുപകരം "മൃഗാരോഗ്യ സ്ഥാപന വികസന ഫണ്ട് എന്ന പേരിൽ ഒരു" എന്ന് ചേർക്കുക.

10) ചട്ടം 4(2) (i)-ൽ "രോഗികളും പൊതുജനങ്ങളും" എന്നതിനുപകരം "പൊതുജനങ്ങൾ" എന്ന് ചേർക്കുക.

11) ചട്ടം 6(4)-ൽ "കാർബൺ പകർപ്പോട് " എന്നതിനുപകരം "പകർപ്പോട് " എന്ന് ചേർക്കുക.

12) ചട്ടം 9(4)-ൽ "വർഷത്തിലൊരിക്കൽ" എന്നതിനുപകരം "അതത് സാമ്പത്തിക വർഷം അവസാനിച്ചശേഷം മൂന്നു മാസത്തിനകം" എന്ന് ചേർക്കുക.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 മാർച്ച് 15.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.